**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **12-06-2024 - ൽ മറുപടിയ്ക്ക്**

**എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ? | (എ) | 2023-24 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർപ്ലാനിനുവേണ്ടി 10 കോടി രൂപ അധികമായി വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06/06/2023-ന് യോഗം ചേരുകയും എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റ് സ്ഥാപനത്തെ കണ്ടെത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ M/s Space Art എന്ന സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് EOI ഔദ്യോഗികമായി പിൻവലിക്കുകയും ചെയ്തു. തുടർന്ന് 15.03.2024 ൽ വീണ്ടും EOI ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. വീണ്ടും EOI ക്ഷണിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ